# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.11 09.06.2014 ൽ മറുപടിക്ക്

## ജനസമ്പർക്ക പരിപാടി രണ്ടാം ഘട്ടം

ചോദ്യം

ശ്രീ. ഐ.സി.ബാലകൃഷ്ണൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, എ.റ്റി ജോർജ്
,, റ്റി.എൻ.പ്രതാപൻ

മറുപടി

ശ്രീ.ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) ജനസമ്പർക്ക പരിപാടിയുടെ രണ്ടാം ഘട്ടം പൂർത്തിയായിട്ടുണ്ടോ; | (എ) പൂർത്തിയായിട്ടുണ്ട്. |
| (ബി)പ്രസ്തുത പരിപാടിയുടെ ഒന്നാം ഘട്ടത്തിൽ നിന്ന് വ്യത്യസ്തമായ എന്തെല്ലാം മാറ്റങ്ങളാണ് രണ്ടാം ഘട്ടത്തിൽ വരുത്തിയിട്ടുള്ളത്; ; | ബി) + സി) ഒന്നാംഘട്ടത്തിൽ നിന്നും വ്യത്യസ്തമായി അക്ഷയ സെന്ററുകൾ, താലൂക്ക് ഓഫീസ്, കളക്ട്രേറ്റ്, എന്നിവ മുഖേന ഓൺലൈനായിട്ടാണ് പരാതികൾ സ്വീകരിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഒരു വെബ്പോർട്ടൽ രൂപികരിച്ചിട്ടുണ്ട്. വിവിധ കേന്ദ്രങ്ങളിൽ സ്വീകരിക്കുന്ന പരാതികൾ ഈ വെബ്പോർട്ടൽ വഴി ബന്ധപ്പെട്ട ഓഫീസർമാർക്കു ലഭിക്കുകയും പരാതിയെപ്പറ്റി അന്വേഷിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുകയും അതിനുശേഷം ബന്ധപ്പെട്ട കളക്ടർമാർ |

| | |
|---|---|
| (സി) പരാതികൾ സ്വീകരിക്കാനും അവയ്ക്ക് പരിഹാരം കാണുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | പരാതികളിൻമേൽ അവരുടെ ശുപാർശ രേഖപ്പെടുത്തി, അതാത് ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ നേതൃത്വ ത്തിലുള്ള സ്ക്രീനിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു. മുഖ്യമന്ത്രി നേരിട്ട് പരിഹാരം കാണേണ്ടതാണെന്ന് സ്ക്രീനിംഗ് കമ്മിറ്റി തീരുമാനിക്കുന്ന പരാതിക്കാരെ മാത്രം സന്ദർശന സമയം നൽകി ജനസമ്പർക്ക ദിനത്തിൽ വിളിച്ചു വരുത്തുകയാണ് ചെയ്തിട്ടുള്ളത്. |
| (ഡി) പ്രസ്തുത പരാതികളിന്മേൽ വകുപ്പ് തലത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) ഓൺലൈനായി ലഭിച്ച പരാതികളിൽ ജില്ലാതല ഓഫീസർമാർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചവയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റു അപേക്ഷകളിൽ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ